**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4263** **06-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേമ പെൻഷൻ പദ്ധതിയിൽ പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണമായും നൽകുന്നുണ്ടോ; | (എ) | സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകൾ, കായിക യുവജന ക്ഷേമ വകുപ്പ്, സാംസ്കാരിക വകുപ്പ് എന്നീ വകുപ്പുകൾ മുഖേന നൽകുന്ന ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന ഗുണഭോക്താക്കളിൽ 06.02.2017-നു മുൻപ് ടി പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചിരുന്നവർക്ക് ക്ഷേമനിധി ബോർഡ്/ വകുപ്പുകൾ മുഖേന നൽകുന്ന പെൻഷൻ പൂർണ്ണനിരക്കിലും സാമൂഹ്യ സുരക്ഷ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണ്. 06.02.2017-ന് മുൻപും ശേഷവും ഒരു പെൻഷൻ മാത്രം ലഭിച്ചിരുന്നവർക്ക് ആ പെൻഷൻ മാത്രം പൂർണ്ണ നിരക്കിൽ ലഭിക്കുന്നതിന് അർഹതയുണ്ട്. ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങി വരുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനിലേയ്ക്ക് മാറുന്നതിനോ, തിരിച്ചോ ഒരിക്കൽ അവസരം ഉണ്ടായിരിക്കുന്നതാണ്.<br><br>തനതു ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളിൽ 06.07.2018നു മുൻപ് രണ്ട് പെൻഷൻ ലഭിച്ചിരുന്നവർക്ക് രണ്ട് പെൻഷനും പൂർണ്ണ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. മറ്റുള്ളവർക്ക് ബോർഡ് പെൻഷൻ പൂർണ്ണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതാണ്.<br><br>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, കേരള മദ്രസ അദ്ധ്യാപക ക്ഷേമനിധി ബോർഡ്, കേരള അഡ്വക്കേറ്റ് ക്ലർക്ക്സ് ക്ഷേമനിധി കമ്മിറ്റി, കേരള ആധാരമെഴുത്തുകാരുടേയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്, എന്നിവിടങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർക്ക് 22.09.2022 തീയതിയിലെ ജി.ഒ. (എം.എസ്)നം. 162/2022/ധന |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല. |
| (ബി) | തൊഴിലാളി ക്ഷേമനിധിയിൽ വിഹിതം അടച്ച് പെൻഷൻ ലഭിക്കുന്നവർക്ക് വിധവ, വികലാംഗ, വാർദ്ധക്യകാല പെൻഷനുകൾ പൂർണ്ണമായും നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ചോദ്യം (എ) യുടെ മറുപടിയിൽ വിശദീകരിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം മാത്രമേ വിധവ, വികലാംഗ, വാർദ്ധക്യകാല പെൻഷനുകൾ നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ